# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 154 | 08-12-2014-ൽ മറുപടി നൽകേണ്ടത് |

## പ്ലസ്ടു ബാച്ചുകൾ അനുവദിച്ചത് സംബന്ധിച്ച് ലോകായുക്തയുടെ ഉത്തരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം. ഹംസ | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ലോകായുക്ത ഉത്തരവിട്ടിട്ടുണ്ടായിരുന്നുവോ; എങ്കിൽ ആരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുവാനായിരുന്നു നിർദ്ദേശം; | (എ) | ഉത്തരവായിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ.ഋഷിരാജ് സിംഗ് ഐ.പി.എസ്-ന്റെ നേതൃത്വത്തിൽ അന്വേഷണത്തിന് ലോകായുക്ത ഉത്തരവായിട്ടുണ്ട്. |
| (ബി) | ലോകായുക്തയുടെ ഉത്തരവിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രീ.ഋഷിരാജ് സിംഗ് ഐ.പി.എസ് -ന്റെ ആവശ്യപ്രകാരം അന്വേഷണത്തിൽ സഹായിക്കുന്നതിനു വേണ്ടി 23/9/14-ലെ റ്റി8/101304/14 സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചേർത്ത് ഒരു ടീം രൂപീകരിക്കുകയുണ്ടായി.<br>1) ശ്രീ. പ്രകാശ്.ഐ.പി.എസ്,<br>2) ശ്രീ. രാഗേഷ് കുമാർ, DYSP,<br>3) ശ്രീ.എം.പി. വിനോദ് DI കണ്ണൂർ,<br>4) ശ്രീ.കീർത്തി ബാബു, DI കോഴിക്കോട്.<br>കൂടാതെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിലെ അണ്ടർ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 14/11/2014-ന് അന്വേഷണ സംഘാംഗങ്ങളുടെ ഒരു യോഗം കൂടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ലോകായുക്തയുടെ നിർദ്ദേശം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഡി) | ക്രമക്കേടുകൾക്ക് നേതൃത്വം നൽകിയവർക്കെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോ; | (ഡി) | ഇതു സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും എടുത്തിട്ടില്ല. |
| ഇ) | 2014-15 വർഷത്തിൽ ക്രമവിരുദ്ധമായി പ്ലസ് ടു കോഴ്സും ബാച്ചും തരപ്പെടുത്തുകയും പിന്നീടത് റദ്ദാക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ളതായി വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ ഇടപാടുകൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്കും, ഗൂഢാലോചനയിൽ ഏർപ്പെട്ട തായി ആക്ഷേപിക്കപ്പെട്ടവർക്കു മെതിരെ വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ ? | (ഇ) | പ്ലസ് ടു ബാച്ച് അനുവദിച്ചതിലെ അഴിമതി സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദന്റെ പക്കൽ നിന്നും സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതി പോലിസ് ആസ്ഥാനത്തുനിന്നും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലേക്ക് അയച്ചിരുന്നു. ടി വിഷയത്തിൽ ലോകായുക്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി റാങ്കിലുള്ള ഒരു സീനിയർ ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തുന്നതിനാൽ പ്രസ്തുത പരാതിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രത്യേക അന്വേഷണമൊന്നും നടത്തേണ്ടതില്ല എന്ന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിലേയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**